(ബി) പ്രസ്തുത പദ്ധതി ഏത് ഏജൻസി മുഖേനയാണ് നടപ്പിലാക്കുന്നതെന്നു വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്കായി 2014-15-ൽ എത്ര തുക നീക്കിവയ്ക്കുകയുണ്ടായി എന്നും ഇതുവരെ എത്ര തുക ചെലവഴിക്കുകയുണ്ടായിയെന്നും അറിയിക്കുമോ ;

(ഡി) ആകെ എത്ര യുവസംരംഭകർക്ക് ധനസഹായം നൽകുകയുണ്ടായിയെന്ന് ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച ഉത്തരവുകൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) 2014-2015 ബഡ്ജറ്റിൽ പ്രഖ്യാപിച്ച യുവസംരംഭകർക്ക് സഹായം നൽകുന്നതിനുള്ള Seed fund to youth എന്ന പദ്ധതിയുടെ കരട് സർക്കാർ പരിശോധിച്ചു വരുന്നു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന ഈ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഈ പദ്ധതിയ്ക്കായി 500 ലക്ഷം രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നു. പദ്ധതിയിന്മേൽ അന്തിമ തീരുമാനമെടുത്തിട്ടില്ലാത്തതിനാൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല

(ഡി&ഇ) ബാധകമല്ല.

പൊതുമേഖലാ സ്ഥാപനങ്ങളിലെ സാങ്കേതിക വിദ്യാ ഉപയോഗം

172 (2161) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. എം. ഹംസ :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യമേഖലയുമായി മത്സരിക്കാൻ സജ്ജമാക്കത്തക്കവിധം ഉയർന്ന സാങ്കേതിക വിദ്യകൾ ഫലവത്തായി ഉപയോഗപ്പെടുത്താൻ സാധിക്കുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) സ്വകാര്യ മേഖലയിലെ വ്യവസായ അഭിവൃദ്ധിക്കായി നടപ്പാക്കുന്ന പദ്ധതികൾ പോലെ പൊതുമേഖലയിൽ നടപ്പാക്കാത്തതിനാൽ പൊതുമേഖലാസ്ഥാപനങ്ങൾക്ക് പുരോഗതി കൈവരിക്കാൻ സാധിക്കുന്നില്ല എന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സാങ്കേതിക വിദ്യ പുരോഗമിക്കുന്നതിനനുസൃതമായി പൊതുമേഖലാ സ്ഥാപനങ്ങളിൽ അവ പ്രാവർത്തികമാക്കുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി നൂതന സാങ്കേതിക വിദ്യ അടിസ്ഥാന മാക്കിയുള്ള പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്.

(ബി) സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക പരിമിതിയും പദ്ധതികൾക്ക് ആവശ്യമായ സാമ്പത്തിക സഹായം അനുവദിക്കുന്നതിൽ ധനകാര്യ സ്ഥാപനങ്ങൾ സ്വീകരിക്കുന്ന വിമുഖതയും ഇത്തരം പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തെ ബാധിക്കാറുണ്ട്.

(സി) സാങ്കേതികവിദ്യ പുരോഗമിക്കുന്നതിനനുസൃതമായി പൊതുമേഖലാ സ്ഥാപനങ്ങളിൽ നടപ്പിലാക്കേണ്ട ആധുനികവത്ക്കരണ പദ്ധതികളുടെ വിശദമായ പദ്ധതിരേഖ കമ്പനി ബോർഡിന്റെയും സർക്കാരിന്റെയും അനുമതിയോടുകൂടിയാണ് നടപ്പിലാക്കുന്നത്.

ചില്ലറ വിപണന രംഗത്തെ വിദേശ നിക്ഷേപം

173(T*2162) ശ്രീ. ഇ. പി. ജയരാജൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചില്ലറ വിപണന രംഗത്തെ വിദേശ നിക്ഷേപം സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ ;

(ബി) മുൻ കേന്ദ്ര സർക്കാരിന്റെ നയംതന്നെ ഇപ്പോഴത്തെ കേന്ദ്രസർക്കാരും പിന്തുടരുന്നതായുള്ള കേന്ദ്ര സർക്കാരിന്റെ നയരേഖ പുറത്തുവന്നിട്ടുള്ളത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) എഫ്.ഡി.ഐ. സംസ്ഥാനത്തുവേണ്ട എന്ന നിലപാട് ഇപ്പോഴത്തെ കേന്ദ്ര സർക്കാരിനെ എഴുതി അറിയിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly